**കേരള സർക്കാർ**
**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**
**ഗവ. മെഡിക്കൽ കോളേജ്, കണ്ണൂർ**

**നം.എ6/9693/2023/GMCKNR തിയ്യതി 05.07.2024**

**ക്വട്ടേഷൻ / ലേല പരസ്യം**

കേരള ഗവർണർക്ക് വേണ്ടി കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ പരസ്യപ്പെടുത്തുന്നത്. താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന വസ്തുക്കൾ കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പാളോ അല്ലെങ്കിൽ പ്രിൻസിപ്പൽ ചുമതലപെടുത്തുന്ന ഉദ്യോഗസ്ഥരോ പരസ്യലേലം ചെയ്തു വിൽക്കുന്നതാണ്.

കണ്ണൂർ മെഡിക്കൽ കോളേജിലെ ഫാർമസി കോളേജിന് ഭീഷണിയായി നിൽക്കുന്ന മരങ്ങൾ 18.07.2024 ന് രാവിലെ **11.00**.. മണിക്ക് മെഡിക്കൽ കോളേജ് ഓഫീസിനു സമീപം വച്ച് ലേലം / ക്വട്ടേഷൻ നടത്തി വില്പന ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ പകർപ്പും നിരത ദ്രവ്യമായി **5000** /- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റും ലേലസമയത്ത് സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ **17.07.2024** .ന് **3.00** മണിക്ക് മുൻപ് ക്വട്ടേഷൻ പ്രിൻസിപ്പാളിന്റെ ഓഫീസിൽ ബന്ധപ്പെട്ട സെക്ഷനിൽ എത്തിക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്യുന്ന ആളിന്റെ പേരിൽ ലേലം ഉറപ്പിക്കുന്നതായിരിക്കും. മരങ്ങളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

മരങ്ങളുടെ പട്ടിക

| ക്രമനമ്പർ | സ്ഥലം | മരങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഫാർമസി കോളേജിനു സമീപം | പ്ലാവ് – 1<br>തേക്ക് - 2 |

ലേലത്തിൽ പങ്ക് കൊള്ളാൻ ആഗ്രഹിക്കുന്നവർ മുകളിൽ കാണിച്ച സ്ഥലത്തും സമയത്തും ഹാജരാകേണ്ടതും മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ ലേല നിബന്ധനകൾ പാലിക്കേണ്ടതും ആകുന്നു. ലേലത്തിനൊപ്പം മുദ്ര വച്ച ക്വട്ടേഷനുകളും ക്ഷണിച്ചുകൊള്ളുന്നു.

ലേലത്തിൽ പങ്കെടുക്കുന്നവർ കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ പേരിൽ മാറാവുന്ന **5000/-** രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ് . കൊട്ടേഷൻ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്ത് 17.07.2024.ന് **3.00.** മണിക്ക് മുൻപ് കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് ഓഫീസിൽ കിട്ടിയിരിക്കേണ്ടതാണ്. ലേലം കഴിഞ്ഞശേഷം ക്വട്ടേഷൻ തുറക്കുന്നതും ക്വട്ടേഷൻ തുകയോ ലേലത്തുകയോ ഏതാണോ കൂടുതൽ ആ തുകക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലത്തിനും ക്വട്ടേഷനും ഒരുമിച്ച് പങ്കെടുക്കുന്ന ആൾ നിരതദ്രവ്യം വെവ്വേറെ അടക്കേണ്ടതാണ്. കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം ഉറപ്പിക്കുന്നതും ലേല സംഖ്യയുടെ നിയമാനുസൃത നികുതികൾ കൂടിയുള്ള ആകെ തുക ലേലം ഉറപ്പിച്ച ഉടനെ തന്നെ അടക്കേണ്ടതുമാണ് .

(PTO)

നിബന്ധനകൾ :

1. ലേലം എറ്റെടുക്കുന്ന ആളുടെയും രണ്ടാമതായി ഉയർന്ന നിരക്ക് കാണിച്ചവരുടെയും ഒഴികെയുള്ളവരുടെ കെട്ടിവച്ച നിരതദ്രവ്യം ലേല പ്രക്രിയ പൂർത്തിയാകുന്ന മുറക്ക് തിരിച്ചു നൽകുന്നതാണ്.

2. ലേലത്തിൽ പങ്കെടുക്കുന്നവർ അവരെ തിരിച്ചറിയുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റ്,തിരഞ്ഞെടുപ്പ് കമ്മീഷണർ നൽകിയ ഫോട്ടോ പതിച്ച തിരിച്ചറിയിൽ കാർഡ്, പാൻകാർഡ്, ആധാർ കാർഡ്, ഇന്ത്യൻ പാസ്പോർട്ട് മറ്റ് നിയമാനാനുസൃത തിരിച്ചറിയൽ രേഖകൾ എന്നിവയിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കണം.

3.ലേലം ആരുടെ പേരിൽ ഉറപ്പിക്കുന്നുവോ അയാൾ പ്രിൻസിപ്പലിന്റെ ഉത്തരവ് കിട്ടി 14 ദിവസത്തിനകം പ്രസ്തുത മരം മുറിച്ചു മാറ്റി / നീക്കം ചെയ്ത് സ്ഥലം വൃത്തിയാക്കി മെഡിക്കൽ കോളേജിന് കൈമാറേണ്ടതാണ്. ഇതിൽ ഉപേക്ഷ വരുത്തുന്ന പക്ഷം ഒരു ദിവസം 5000/- രൂപ നിരക്കിൽ പിഴ അടക്കേണ്ടതാണ്. കൂടാതെ പിഴ അടക്കുന്നതിനുള്ള കാലാവധി 15 ദിവസം മാത്രമായിരിക്കും. അതിനു ശേഷവും പണി പൂർത്തീകരിച്ചില്ലെങ്കിൽ ലേലം റദ്ദ് ചെയ്യുകയും പുനർ ലേലം ചെയ്യുന്നതുമാണ്. ലേലം റദ്ദ് ചെയ്യുന്ന പക്ഷം അടച്ച തുക തിരിച്ചു നൽകുന്നതല്ല.

4.യാതൊരു കാരണവും കൂടാതെ ലേലം അസ്ഥിരപ്പെടുത്തുന്നതിനും മുൻകൂർ അറിയിപ്പില്ലാതെ തന്നെ ലേലം നിർത്തിവെക്കുന്നതിനും പ്രിൻസിപ്പലിന് അധികാരമുണ്ടായിരിക്കും.

5. മെഡിക്കൽ കോളേജ് ജീവനക്കാർ ലേലത്തിൽ പങ്കെടുക്കാൻ പാടുള്ളതല്ല.

6. മരങ്ങൾ മുറിക്കുമ്പോൾ/നീക്കം ചെയ്യുമ്പോയോ മറ്റ് കെട്ടിടങ്ങൾക്കോ വസ്തുവകകൾക്കോ എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ അതിനുള്ള നഷ്ടപരിഹാരം ലേലം കൊണ്ട ആളിൽ നിന്നും ഈടാക്കുന്നതായിരിക്കും.

7. മരങ്ങൾ മുറിക്കുമ്പോൾ ഏതെങ്കിലും തരത്തിലുള്ള അപകടമോ അത്യാഹിതമോ സംഭവിച്ചാൽ അതിന്റെ ഉത്തരവാദി ലേലം കൊണ്ട വ്യക്തി മാത്രമായിരിക്കും.

8. ലേലം കൊണ്ട വ്യക്തിക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് പ്രിൻസിപ്പളോ സർക്കാരോ ഉത്തരവാദി ആയിരിക്കുന്നതല്ല. വിശദ വിവരങ്ങൾ കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് ഓഫീസിൽ പ്രവൃത്തി ദിവസങ്ങളിൽ അന്വേഷിച്ച് അറിയാവുന്നതാണ്.(04972808111-2175)

പ്രിൻസിപ്പാൾ

പകർപ്പ്: 1.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,ജിഎംസി കെ എൻ ആർ
2.HOD, ഫാർമസി കോളേജ്
3.നോട്ടീസ് ബോർഡുകൾ,GMCK,GDCK,GNCK, ആയുർവേദ കോളേജ്
4.കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്ത്
5. WEBSITE
6. സെക്യൂരിറ്റി ഓഫീസർ
7. സ്റ്റോക്ക് ഫയൽ